സ്വാഗതസംഘം രൂപീകരണയോഗം

വർക്കല: വെട്ടൂർ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ വി.ജോയി എം.എൽ.എയുടെ ആസ്തിവികസന ഫണ്ടുപയോഗിച്ച് നിർമ്മിച്ച സ്കൂൾ കവാടം, ചുറ്റുമതിൽ, പുതിയ ബസ്എന്നിവയുടെ ഉദ്ഘാടനം നടത്തുന്നത് സംബന്ധിച്ചുള്ള സ്വാഗതസംഘം രൂപീകരണയോഗം 19ന് വൈകിട്ട് 3ന് സ്കൂൾ അങ്കണത്തിൽ നടക്കുമെന്ന് പ്രിൻസിപ്പൽ ബി.ആർ. പ്രീത, ഹെഡ്മിസ്ട്രസ് പി.സുജാത എന്നിവർ അറിയിച്ചു.

പട്ടാപ്പകൽ മാലപൊട്ടിക്കാൻ ശ്രമം; കള്ളൻ പിടിയിൽ

കഴക്കൂട്ടം: പട്ടാപ്പകൽ യുവതിയുടെ മാല പൊട്ടിക്കാൻ ശ്രമിച്ച് കടന്നുകളഞ്ഞ മോഷ്ടാവിനെ മംഗലപുരം പൊലീസ് അറസ്റ്റ് ചെയ്തു. അഴൂർ കാറ്റാടിമുക്ക് പുന്നവിള വീട്ടിൽ സുധീഷ് ലാലാണ് (30) അറസ്റ്റിലായത്. ചെമ്പകമംഗലം സ്വദേശിയായയുവതിയുടെമാലപൊട്ടിക്കാൻശ്രമിക്കവെയാണ് നാട്ടുകാരുടെ സഹായത്താൽ ഇയാൾ പിടിയിലായത്. സി.സി ടിവി കാമറയിൽ ദൃശ്യങ്ങൾ പതിഞ്ഞിരുന്നു. മംഗലപുരം എസ്.എച്ച് ഒ ജെ. അജയൻ, ഗ്രേഡ്എസ്.ഐ സലീൽ, സി.പി. ഒമാരായമനോജ്, അനൂപ്, വിജയൻ എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ കസ്റ്റഡിയിലെടുത്തത്. പ്രതിയെ ആറ്റിങ്ങൽ കോടതി റിമാൻഡ് ചെയ്തു.

സ്കൂട്ടറിൽ കാറിടിച്ച് ദമ്പതികൾക്ക് ഗുരുതര പരിക്ക്

മലയിൻകീഴ്: സ്കൂട്ടറിൽ കാറിടിച്ച്മാറനല്ലൂർഅരുവിക്കര സ്വദേശി ശ്രീജിത്(32) ഭാര്യ രണ്ജുദേവ്(28), എന്നിവർക്ക് പരിക്കേറ്റു. ഇന്നലെ രാത്രി 7 മണിയോടെ ചീനിവിള ജംഗ്ഷനിലാണ് അപകടമുണ്ടായത്. ഇരുവരെയും മെഡിക്കൽകോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.പോങ്ങുംമൂട് നിന്ന് മലയിൻകീഴ് ഭാഗത്തേക്ക് പോവുകയായിരുന്ന സ്കൂട്ടറിൽ എതിരെ അമിതവേഗത്തിലെത്തിയ കാർ ഇടിച്ച് തെറിപ്പിക്കുകയായിരുന്നു.കണ്ടലസഹകരണ ആശുപത്രി നേഴ്സായ രണ്ജുദേവിന്റെ പാദത്തിനും ശ്രീജിത്തിന്റെ തുട എല്ലിനും പരിക്കേറ്റിട്ടുണ്ട്.മദ്യലഹരിയിൽ കാറോടിച്ച ടഷറി ജീവനക്കാരൻ വിജയനെ മാറനല്ലൂർ പൊലീസ് കസ്റ്റഡിയിലെടുത്തു.കാറിനുള്ളിൽ മദ്യം ഉണ്ടായിരുന്നതായി മാറനല്ലൂർ പൊലീസ് പറഞ്ഞു.

പുസ്തക ചർച്ച

ആറ്റിങ്ങൽ: ആറ്റിങ്ങൽ മുനിസിപ്പൽ ലൈബ്രറിയിൽ നടന്നു വരുന്ന പ്രതിമാസ പുസ്തക ചർച്ചയുടെ ഭാഗമായി ഇന്ന് വൈകിട്ട് 4 ന് എസ്. കെ പൊറ്റക്കാടിന്റെ ഒരു ദേശത്തിന്റെ കഥ എന്ന പുസ്തകം ചർച്ചചെയ്യും. രാജേന്ദ്രൻ മാങ്കഴി മുഖ്യ പ്രഭാഷണം നടത്തു. രാമചന്ദ്രൻ കരവാരം മോഡറേറ്ററാകും

മനസു പിടഞ്ഞ് റാഷിദ: അപ്പൂപ്പനും ചെറുമകൾക്കും കണ്ണീരിൽ കുതിർന്ന അന്ത്യയാത്ര

അബ്ദുൾ സലാമിന്റെയും അലിയ ഫാത്തിമയുടെയും മൃതദേഹം വീട്ടിലെത്തിച്ചപ്പോൾ തടിച്ച്കൂടിയവർ

കഴക്കൂട്ടം: മദ്യലഹരിയിലായിരുന്ന മുൻ പൊലീസുകാരൻ അമിതവേഗതയിൽ ഓടിച്ച കാറിടിച്ച് മരിച്ച റിട്ട. അദ്ധ്യാപകന്റെയും ചെറുമകളുടെയും മൃതദേഹങ്ങൾ കണ്ണീരിൽ കുതിർന്ന അന്ത്യയാത്ര നൽകി കണിയാപുരം പള്ളിനട ജമാഅത്തിൽ കബറടക്കി. കണിയാപുരംകാവോട്ടുമുക്ക് പുളിവിളാകം വീട്ടിൽ അബ്ദുൽ സലാം (78), ചെറുമകൾ ആലിയ ഫാത്തിമ (11) എന്നിവർക്കാണ് വ്യാഴാഴ്ച വൈകിട്ടോടെ കാവോട്ട് മുക്കിനടുത്തുവച്ച് കാറിടിച്ച് ദാരുണമായ അന്ത്യമുണ്ടായത്. ജീവനതുല്യം സ്നേഹിച്ച ബാപ്പയുടെയും, കൊഞ്ചിച്ച് കൊതി തീരുംമുമ്പ് വിട്ടുപിരിഞ്ഞ മകളുടെയും ചേതനയറ്റ ശരീരം കാണേണ്ടിവന്ന അമ്മ റാഷിദയുടെ സങ്കടം അവിടെ തടിച്ച്കൂടിയവർക്ക് താങ്ങാനായില്ല. മെഡിക്കൽകോളേജ് ആശുപത്രിയിൽ പോസ്റ്റ്മോർട്ടം കഴിഞ്ഞ് ഇരുവരുടെയും മൃതദേഹങ്ങൾ ഇന്നലെ വൈകിട്ട് മൂന്നുമണിയോടെ കാവോട്ടുമുക്കിലെ വീട്ടിലെത്തിച്ച് പൊതുദർശനത്തിന് വച്ചിരുന്നു. മരണത്തിനുത്തരവാദിയായ മുൻ പൊലീസുകാരൻ ചാന്നാങ്കര സ്വദേശി മാഹീനെ സംഭവ ദിവസം തന്നെ പൊലീസ് അറസ്റ്റുചെയ്തിരുന്നു. ഇയാളെ കോടതി 14 ദിവസത്തേക്ക് റിമാൻഡ് ചെയ്തു. മനഃപൂർവമുള്ള നരഹത്യയ്ക്കാണ് മാഹീന്റെപേരിൽ കഠിനംകുളം പൊലീസ് കേസെടുത്തത്. അതിനിടെ, മാഹീനെ കൈകാര്യം ചെയ്യാൻ തങ്ങൾക്ക് വിട്ടുതരണമെന്നാവശ്യപ്പെട്ട് കഠിനംകുളം പൊലീസ് സ്റ്റേഷനു മുന്നിലും സംഭവസ്ഥലത്തും ആക്രമണം നടത്തിയതിനും പൊലീസ് ജീപ്പിന്റെ ഗ്ലാസും ലോക്കും ജീപ്പിലെ ആന്റിനയും നശിപ്പിച്ചതിനും കേസെടുത്തു. പൊലീസിനെ കല്ലെറിഞ്ഞതിനും മാദ്ധ്യമപ്രവർത്തകരെ മർദ്ദിക്കാൻ ശ്രമിച്ചതിനും സ്റ്റേഷനു മുന്നിലെ കാമറയിൽ പതിഞ്ഞവരും കണ്ടാലറിയാവുന്നവരുമായ യുവാക്കൾക്കെതിരെയാണ് കേസ്.

ആൾ കേരള ഗോൾഡ് ആൻഡ് സിൽവർ മർച്ചന്റ്സ് അസോസിയേഷൻ

ആൾ കേരള ഗോൾഡ് ആൻഡ് സിൽവർ മർച്ചന്റ്സ് അസോസിയേഷൻ ആറ്റിങ്ങൽ യൂണിറ്റ് യോഗം സംസ്ഥാന പ്രസിഡന്റ് ഡോ. ഭീമ ഗോവിന്ദൻ ഉദ്ഘാടനം ചെയ്യുന്നു

ആറ്റിങ്ങൽ: ആൾ കേരള ഗോൾഡ് ആൻഡ് സിൽവർ മർച്ചന്റ്സ് അസോസിയേഷൻ ആറ്റിങ്ങൽ യൂണിറ്റ് യോഗം സംസ്ഥാന പ്രസിഡന്റ് ഡോ. ഭീമ ഗോവിന്ദൻ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് പ്രസിഡന്റ് അറേബ്യൻ നാസർ അദ്ധ്യക്ഷത വഹിച്ച കണ്ണൻ ശരവണ, ദേശപാലൻ പ്രദീപ്, അബ്ദുൾ നാസർ, എം.എസ്.മണി, ഗണേഷ്, പ്രേമാനന്ദ്, നാഗരാജ്, ജയകുമാർ, ഗോപാലകൃഷ്ണൻ എന്നിവർ സംസാരിച്ചു. പുതിയഭാരവാഹികളായി അറേബ്യൻ നാസർ (പ്രസിഡന്റ്), ശരവണ കണ്ണൻ (ജനറൽസെക്രട്ടറി), ദേശപാലൻ പ്രദീപ്(ട്രഷറർ) എന്നിവരെ തിരഞ്ഞെടുത്തു.

വർക്കല-ശിവഗിരി റെയിൽവേ സ്റ്റേഷൻ ജീവനക്കാരും മാർത്തോമ സെൻട്രൽ സ്കൂളും സംയുക്തമായി നടത്തിയ ശിശുദിനാഘോഷം

ശിശുദിനാഘോഷം

വർക്കല: വർക്കല-ശിവഗിരി റെയിൽവെസ്റ്റേഷൻ ജീവനക്കാരും മാർത്തോമ സെൻട്രൽ സ്കൂളും സംയുക്തമായി നടത്തിയ ശിശുദിനാഘോഷ പരിപാടികൾ സ്റ്റേഷൻ മാനേജർ ശിവാനന്ദൻ ഉദ്ഘാടനം ചെയ്തു. സ്റ്റേഷൻ മാസ്റ്റർ സി. പ്രസന്നകുമാർ, സ്കൂൾപ്രിൻസിപ്പൽ ജിജോ ടിമുത്തേരി, അദ്ധ്യാപകരായ രാജു, സാംജോസഫ് എന്നിവർ സംസാരിച്ചു. കലാമത്സരവിജയികൾക്ക്വി.ആർ.ആർമാനേജർ മോഹനൻ മധുരം വിതരണം ചെയ്തു. അപ്പു, ഷിബു എന്നിവർ സംബന്ധിച്ചു. ശിശുദിനറാലി പിടിഎ പ്രസിഡന്റ് രാമഭദ്രൻനായർ ഉദ്ഘാടനം ചെയ്തു.

മുള്ളിയൻകാവ് ഭദ്രകാളി ക്ഷേത്രം

ആറ്റിങ്ങൽ: കീഴാറ്റിങ്ങൽ മുള്ളിയൻകാവ് ഭദ്രകാളി ക്ഷേത്രത്തിലെ ഭാഗവത സപ്താഹയജ്ഞം 17 മുതൽ 23 വരെ നടക്കും. എല്ലാദിവസവും 12.30ന് അന്നദാനം നടക്കും. 23 ന് 12.30ന് സമൂഹ സദ്യ.

തീരമൈത്രി കുടുംബസംഗമം

തിരുവനന്തപുരം: മത്സ്യത്തൊഴിലാളി മേഖലയിലെ ആയിരം വനിതകൾക്കായി പതിനേഴര കോടി രൂപ ചെലവിൽ തൊഴിൽ സംരംഭം ആരംഭിക്കുന്നതിനുള്ള നടപടി തുടങ്ങിയതായി മന്ത്രി ജെ. മേഴ്സിക്കുട്ടിയമ്മ പറഞ്ഞു. തീരമൈത്രി കുടുംബസംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ഭൂമിയും വീടും പദ്ധതി പ്രകാരം നിർമ്മിച്ച 45 വീടുകളുടെ താക്കോൽ ദാനവും മന്ത്രി നിർവഹിച്ചു.

മദ്യലഹരിയിൽ കാറോടിച്ച സംഭവം; മൂന്നു പേർ പിടിയിൽ

വഴിയാത്രക്കാരെ ഇടിച്ചിട്ട കാർ (ഇൻസെറ്റിൽ -കാറിടിച്ച് മറിഞ്ഞ സ്കൂട്ടർ)

മലയിൻകീഴ്: മദ്യലഹരിയിൽ കാറോടിച്ച് സ്കൂട്ടറിലും കാൽനട യാത്രക്കാരെയും ഇടിച്ച സംഭവത്തിൽ മൂന്ന് പേർ പിടിയിൽ. അപകടത്തിൽ രണ്ടുപേർക്ക് പരിക്കേറ്റു. പേയാട് - മലയിൻകീഴ് റോഡിൽ കാറിലിരുന്ന് മദ്യപിച്ച മൂന്നംഗ സംഘമാണ് അപകടമുണ്ടാക്കിയത്.

ഇന്നലെ രാവിലെ 9.30ഓടെയായിരുന്നു സംഭവം. വട്ടിയൂർക്കാവ് സ്വദേശികളായ സുരേഷ്കുമാർ, അനിൽകുമാർ, വിഷ്ണു എന്നിവരെയാണ് പൊലീസ് കസ്റ്റഡിയിലെടുത്തത്. പേയാട് ഭാഗത്ത് നിന്ന് മലയിൻകീഴിലേക്ക് കാറോടിച്ച വന്ന ഇവർ പേയാട്, തച്ചോട്ടുകാവ്, മുഴിനട എന്നിവിടങ്ങളിലെ കാൽനട യാത്രക്കാരെയാണ് ആദ്യം ഇടിച്ചിട്ടത്.

പിന്നീട് മുഴിനടയിൽ ഈ കാറിടിച്ച് പരിക്കേറ്റ സ്കൂട്ടർ യാത്രികരായ രണ്ടുപേരെ ഇരുതരാവസ്ഥയിൽ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. കാറിനെ നാട്ടുകാർ പിന്തുടർന്ന് ഇരട്ടക്കലുങ്കിൽ വച്ച് പിടികൂടുകയായിരുന്നു. കാറിൽ നിന്ന് മദ്യക്കുപ്പികൾ കണ്ടെത്തി.

വീടുകയറി ആക്രമണം : രണ്ടുപേർ പിടിയിൽ

അതുൽ, ഗോവിന്ദ്

ആറ്റിങ്ങൽ: അവനവഞ്ചേരിയിൽ എ.ബി.വി.പിപ്രവർത്തകൻശ്യാം മോഹന്റെ വീടാക്രമിച്ച കേസിൽ തോന്നയ്ക്കൽ മുട്ടക്കോണം അശ്വതി ഭവനിൽ അതുൽ (22), കാട്ടാക്കട പെരുങ്കുളം ഗോകുൽ നിവാസിൽ ഗോവിന്ദ് (22) എന്നിവർ അറസ്റ്റിലായി.

കഴിഞ്ഞ മാസം നടന്ന ആക്രമണത്തിൽ ശ്യാം മോഹനനും അമ്മ രാഗിണിക്കും പരിക്കേറ്റിരുന്നു. ആക്രമണത്തിൽ വീട്ടുപകരണങ്ങൾ പൂർണമായും നശിപ്പിച്ചിരുന്നു.തോന്നയ്ക്കൽ സ്കൂൾ തിരഞ്ഞെടുപ്പിലെ തർക്കത്തെതുടർന്ന് നടന്ന എസ്.എഫ്.ഐ - എ.ബി.വി.പി സംഘർഷത്തിന്റെ തുടർച്ചയായിട്ടാണ് എസ്. എഫ്. ഐ സംസ്ഥാന പ്രസിഡന്റ് വിനീഷിന്റെയും എ. ബി. വി. പി ആറ്റിങ്ങൽ മേഖലാ സെക്രട്ടറി ശ്യാമിന്റെയും വീടിനു നേരേ ആക്രമണമുണ്ടായത്.

ഇതിൽ വിനീഷിന്റെ വീട് ആക്രമിച്ച 4 പേരെ പൊലീസ് നേരത്തേ അറസ്റ്റു ചെയ്തിരുന്നു.

മാതശ്ശേരിക്കോണം ഗവ. യു.പി സ്കൂളിൽ നടന്ന ശിശുദിനാഘോഷം അഴൂർ ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ആർ.അജിത്ത് ഉദ്ഘാടനം ചെയ്യുന്നു.

ചാച്ചാജിയുടെ സ്മരണ പുതുക്കി മാതശേരിക്കോണം യു.പി സ്കൂൾ

മുടപുരം: വിവിധ പരിപാടികളോടെ മാതശേരിക്കോണം ഗവ. യു. പി സ്കൂളിൽ ശിശുദിനാഘോഷം നടന്നു. യുവ കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്ജേതാവായ അമൽ പിരപ്പൻകോടിന് സ്വീകരണവും നൽകി. പെരുങ്ങുഴി പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ അഴൂർ ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ആർ. അജിത്ത് ശിശുദിനാഘോഷം ഉദ്ഘാടനം ചെയ്തു. കേന്ദ്ര സാഹിത്യ അവാർഡ് നേടിയ യുവഎഴുത്തുകാരൻ അമൽ പിരപ്പൻകോടിനെ പൊന്നാടയും മൊമന്റോയും നൽകി ഹെഡ്മിസ്ട്രസ് വസന്തകുമാരി ആദരിച്ചു. വാർഡ്മെമ്പർ ബി. സുധർമ്മ അദ്ധ്യക്ഷയായി. സ്റ്റാഫ്സെക്രട്ടറി ശ്രീജു സ്വാഗതം പറഞ്ഞു. പി.ടി.എ പ്രസിഡന്റ് ശൈലജൻ, സീനിയർഅസിസ്റ്റന്റ് എം. റാഫിഎന്നിവർ സംസാരിച്ചു.

പെരുങ്കുളം യുവധാര റോഡ്

റോഡിന്റെ പുനർ നിർമ്മാണം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഷൈലജാബീഗം ഉദ്ഘാടനം ചെയ്യുന്നു

കടയ്ക്കാവൂർ: കടയ്ക്കാവൂർ പഞ്ചായത്തിലെ പതിനഞ്ചാം വാർഡിൽ പെരുങ്കുളം- യുവധാര റോഡ് പുനർനിർമ്മാണത്തിന്റെ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് വൈസ്പ്രസിഡന്റ് അഡ്വ. ഷൈലജാബീഗം നിർവഹിച്ചു. വാർഡ് മെമ്പർ എം. ഷിജു അദ്ധ്യക്ഷത വഹിച്ചു. ഷൈലജ ബീഗത്തിന്റെ ഡിവിഷൻ ഫണ്ടിൽ നിന്നനുവദിച്ച 22 ലക്ഷം രൂപ ചെലവഴിച്ചാണ് നിർമ്മാണം.

സിനിമ

■ന്യൂ (2323244) :: ■SCREEN 1 - TAXIWALA (Telugu- 11.15,6.15,9.30) ആനക്കള്ളൻ (M- 2.30)
■SCREEN 2 - ധ്രാമ (M - 11.15,2.30,6.15, 9.30)
■SCREEN 3 - ആനക്കള്ളൻ (M - 11.15,2.30, 6.15,9.30)
■ശ്രീകുമാർ (2331222) :: സർക്കാർ (T- 11.15am,2.30pm,6.15pm, 9.30pm)
■ശ്രീവിശാഖ് (2331222) :: THIMIRU PUDICHAVAN (T-11.15,2.30, 6.15,9.30)
■ശ്രീപത്മനാഭ (2473999) :: നിത്യഹരിത നായകൻ (M- 11.00,2.30,6.00,9.30)
■ദേവിപ്രിയ (2473999) :: സർക്കാർ (T- 11.00,2.30,6.00,9.30)
■അളന്ത (2472825) :: ലഡു (M- 11.15, 2.15) JOSEPH (M-6.15,9.15)
■കൃപ :: ലഡു (M-10.30am,4.20pm) ഒരു കുപ്രസിദ്ധ പയ്യൻ(M- 12.15,6.30) RATSASAN (T-12.15,6.30) THE CRIMES OF GRINDEWALD (E-3.30pm,9.45pm) BOHEMIAN RHAPSODY (E-6.20pm) സർക്കാർ (T-10.30pm)
■കലാഭവൻ :: ഞൊട്ടിട്ടമുല്ലകൾ (M-11.30, 2.30) നിത്യഹരിത നായകൻ (M- 6.15,9.30)
■സെൻട്രൽ (2462865) :: BARBARIAN (E- 11.30,2.30,6.30,9.30)
■കൈരളി (2332747) :: JOSEPH (M- 11.15, 2.30, 6.15,9.30)
■ശ്രീ (2332747) :: ഒരു കുപ്രസിദ്ധ പയ്യൻ (M - 11.15, 2.30, 6.15,9.30)
■നിള (2332747) :: സർക്കാർ (M- 11.00, 2.30) JOHNY JOHNY YES APPA (M- 6.15) ചാലക്കുടിക്കാരൻ ചങ്ങാതി (M- 9.30)
■ധന്യ (2476773) :: സർക്കാർ (T - 11.15) ലഡു (M-2.30, 6.15,9.30)
■രമ്യ (2476773) :: THE CRIMES OF GRINEWALD (E- 11.15,2.30,6.15,9.30)
■ARIESPLEX SL CINEMA: (04714066660) :: ■Audi 1 - FANTASTIC BEASTS (E-11.15,2.45) സർക്കാർ (T- 6.30,10.30)
■Audi 2 - തിമിരു പുടിച്ചവൻ (T- 11.00,4.30, 10.45) KAATRIN MOZHI (T-1.30,8.00)
■Audi 3 - 96 (M-10.30) കായംകുളം കൊച്ചുണ്ണി (T - 1.30,7.20pm) PIHU (T- 4.30, 10.45)
■Audi 4 - നിത്യഹരിത നായകൻ (M-10.30,4.30) ലഡു (1.45, 7.45) നിത്യഹരിതനായകൻ (M-4.30pm) JOSEPH (M- 10.45pm)
■Audi 5 - രാക്ഷസൻ (T-11.00am,10.30pm) സർക്കാർ (T-2.30pm) FANTASTIC BEASTS (E-7.00pm)
■Audi 6 - JOSEPH (M-10.30am) ഒരു കുപ്രസിദ്ധ പയ്യൻ (M- 1.30,7.45) BOHEMIAN RHAPSODY (E- 4.45,10.45)
■കാർണിവൽ സിനിമാസ് (മാൾ ഒഫ് ട്രാവൻകൂർ) 96 (T-10.00am, 10.30am, 4.00am, 7.10pm, 10.20pm) ആനക്കള്ളൻ (M- 1.00pm) BAAZAAR (H- 1.45pm) BADHAAI HO (H- 7.00pm) ഡാകിനി (M- 1.00pm) ഫ്രഞ്ച് വിപ്ലവം (M- 12.50pm,9.30pm) GOOSE BUMPS-2 HAUNT (E- 1.00pm, 4.45pm) HALLOWEEN (E- 3.20pm, 10.20pm) HELLO GURU PREMA KOSAME (Telugu- 6.00 pm) JOHNY JOHNY YES PAPA (M- 10.00am, 4.00pm, 7.00pm, 10.00pm) കായംകുളംകൊച്ചുണ്ണി (M -9.45am, 12.55pm,4.10pm,6.00pm,7.25pm,9.45pm, 10.45pm) KOODASHA (M- 10.15am) നോൺസെൻസ് (M- 4.00pm) പടയോട്ടം (M-7.00am) PARIYERUM PERUMAL (T-9.45pm) രാക്ഷസൻ (T- 12.40pm,7.00pm,10.00pm) തീവണ്ടി (M- 10.00pm) VADA CHENNAI (T - 3.40pm)
■കഴക്കൂട്ടം കുള്ള (2418144) :: നിത്യഹരിതനായകൻ (M- 11.15,2.30, 9.30) ഒരു കുപ്രസിദ്ധപയ്യൻ (M- 6.15)
■വെട്ടുറോഡ് ഹരിശ്രീ (04712755666) :: ലഡു (M- 11.15, 2.30, 6.15,9.30)
■കഠിനംകുളം ജി ട്രാക്സ് (2757771) :: ■screen 1 : കായംകുളം കൊച്ചുണ്ണി (M- 11.15,2.30,6.15,9.30)
■screen 2 : 96 (T- 11.30,2.30,6.30,9.30)
■ആറ്റിങ്ങൽ ഡ്രീംസ് (628997) :: THUGS OF HINDUSTAN (H - 11.15, 2.30,6.15,9.30)
■ആറ്റിങ്ങൽ ഗംഗ (2629973) :: JOSEPH (M- 11.15,2.15,6.15,9.15)
■ആറ്റിങ്ങൽ യമുന (2629973):: ലഡു (M - 11.15,2.15,6.15,9.15)
■ആറ്റിങ്ങൽ കാവേരി (9287218284) :: THIMIRU PUDICHAVAN (T- 11.15, 2.30, 6.15, 9.30)
■ആറ്റിങ്ങൽ വൈശാഖ് (2622244) :: സർക്കാർ (T- 11.15, 2.30, 6.15, 9.30)
■ആറ്റിങ്ങൽ തപസ്യ (3291113) :: നിത്യഹരിതനായകൻ (M- 11.00,2.45, 6.30,9.45)
■ആറ്റിങ്ങൽ തപസ്യ പാരഡൈസ് (620920):: KAATRIN MOZHI (T- 11.15, 3.00, 6.30, 9.45)
■വർക്കല എസ്.ആർ (04702602339) :: NONSENSE (M - 11.00, 2.30, 6.15) ചാലക്കുടിക്കാരൻ ചങ്ങാതി (M- 9.30)
■വർക്കല വിമല (9895233785) :: നിത്യഹരിതനായകൻ (M - 11.00, 3.00,6.30, 9.45)
■വർക്കല സ്റ്റാർസിനിമ (2602344) :: ഒരു കുപ്രസിദ്ധപയ്യൻ (M - 11.00,2.30, 6.15, 9.30)
■ചിറയിൻകീഴ് സ്വാമിജി (9526752302) :: കമ്മാരസംഭവം (M- 3.00, 6.30,9.30)
■നെടുമങ്ങാട് സൂര്യ (2802223) :: ഫ്രഞ്ച് വിപ്ലവം (M- 11.00,2.30,6.15,9.30)
■നെടുമങ്ങാട് സൂര്യ പാരഡൈസ് (2813259):: സർക്കാർ (T- 11.00, 2.30, 6.15, 9.30)
■നെടുമങ്ങാട് ശ്രീസരസ്വതി (8111966043) :: THIMURU PUDICHAVAN (T- 11.00, 2.30, 6.15, 9.30)
■നെടുമങ്ങാട് റാണി :: ■screen 1 : നിത്യഹരിതനായകൻ (M- 10.45,2.15,6.00, 9.15)
■screen 2 : സർക്കാർ (T- 11.00) കായംകുളംകൊച്ചുണ്ണി (M- 2.30,6.15,9.30)
■പെരിങ്ങമ്മല അശ്വതി (2400394) :: ചാലക്കുടിക്കാരൻ ചങ്ങാതി (M- 2.30, 6.30,9.30)
■കളിയിക്കാവിള ശ്രീകാളീശ്വരി (0471-2200073,0471-2200174) :: ■Audi 1 - ഗജനികാന്ത് (M- 11.30,2.30,6.15, 9.30)
■Audi 2 - ഇബിലീസ് (M- 11.00,2.30,6.15,9.30)
■Audi 3 - KARWAAN (H- 11.00,2.30,6.15,9.30)
■Audi 4 - കൂടെ (M- 11.00,2.30,6.15,9.30)
■Audi 5 - JUNGA (T- 11.00,2.30) ഒരുപഴയ ബോംബ് കഥ (M- 6.15,9.30)
■കളിയിക്കാവിള തമ്പിൻസ് മാക്സ് :: പൂലി മുരുകൻ (M-2.30, 6.15) അച്ഛം എമ്പത് മടമ്പെയ്യെ (T-11.00,9.15)
■നെയ്യാറ്റിൻകര ശുഭ :: പഞ്ചവർണതത്ത (M- 2.30,6.30,9.30)
■പോത്തൻകോട് MT CINEPLEX (2419515) :: ■Tela 1 - സർക്കാർ (T- 11.15,2.30,6.15, 9.30)
■Tela 2 - ലഡു (M- 11.00, 2.15, 6.30, 9.45)
■പോത്തൻകോട് എച്ച്കെ സിനിമാസ് (0471-2715555,9447060600) :: നിത്യഹരിതനായകൻ (M-11.15,2.30,6.15,9.30)
■വെഞ്ഞാറമൂട് സിന്ധു (9746159088) :: ചാലക്കുടിക്കാരൻ ചങ്ങാതി (M- 11.30, 6.30) ആനക്കള്ളൻ (M-2.30,9.30)
■കാട്ടാക്കട ജയവിനായക (2290867) :: ■screen 1 - ആട് -2 (M-11.00,2.15,6.15,9.15) ■screen 2 - വേലൈക്കാരൻ (T- 11.15,2.30, 6.30,9.30)
■കള്ളിക്കാട് ദീപ (9447553618) :: അച്ചായൻസ് (M- 6.30,9.30)
■കാട്ടാക്കട ശ്രീമുരുക (9995952120) :: No show
■കിളിമാനൂർ എസ്.എൻ :: Nowshow
■പനച്ചമൂട് യമുനലക്ഷ്മി :: കെട്ടു (T-10.30, 2.30,6.15,9.00)
■പേയാട് എസ്.പി സിനിമ (0471-2289053) :: സർക്കാർ (T- 11.00am,2.30pm, 6.15pm, 9.15pm)
■കല്ലറ ARS (9526906021) :: കമ്മാരസംഭവം (M- 2.30,6.30)
■പടന്താലുംമൂട് IMP :: സർക്കാർ (T- 11.00, 2.30, 6.30,9.30)
■കാട്ടാക്കട സൗമ്യലയ: (9188628546) :: ■സ്വരം - THIMIRU PUDICHAVAN (M- 11.30, 2.30, 6.15,9.30)
■ലയം - ലഡു (M - 11.15,2.15,9.15) കായംകുളംകൊച്ചുണ്ണി (M-6.30)

ഇന്ന്

തീർത്ഥപാദമണ്ഡപം: മനസിന്റെ ആഭിമുഖ്യത്തിൽ നാടകവിരുന്ന്- തോപ്പിൽഭാസി അനുസ്മരണ സമ്മേളനം ഉദ്ഘാടനം മന്ത്രി ജി. സുധാകരൻ- 5.30ന്
പട്ടം സമന്വയ പാസ്റ്ററൽ സെന്റർ: മലങ്കര കാത്തലിക് അസോസിയേഷന്റെ അത്മായ സമ്മേളനം ഉദ്ഘാടനം - കെ. മുരളീധരൻ എം.എൽ.എ, അനുഗ്രഹ പ്രഭാഷണം കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ -9.30ന്
സദ്ഭാവന ഭവൻ: ഭാരത് സേവക് സമാജ് സംസ്ഥാന ഭാരതത്തിന്റെ ആഭിമുഖ്യത്തിൽ പ്രതിമാസ കാവ്യസദസ്-2ന്
പൂർണ രസിഡൻസി: ചങ്ങമ്പുഴ ചർച്ചാവേദിയുടെ ആഭിമുഖ്യത്തിൽ ക്ഷേത്രപ്രവേശന വിളംബരം, നവകേരള സൃഷ്ടി എന്നീ വിഷയങ്ങളെ കുറിച്ച് സംവാദം, ചർച്ച - 5ന്
പി.എൻ.പണിക്കർ കമ്മ്യൂണിറ്റി ഹാൾ: ഉദ്യോഗസ്ഥ രാഷ്ട്രീയ മേഖലയിലെ അഴിമതിയെ കുറിച്ച് ചർച്ച -4ന്
തൈക്കാട് ഗണേശം: സൂര്യ ഫെസ്റ്റിവൽ മുല്ലക്കര രത്നാകരന്റെ മഹാഭാരതം പ്രഭാഷണം - 6.45ന്, കാനായി@80, യക്ഷി@50 ഫോട്ടോ പ്രദർശനം
ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം: ഇന്റർസ്റ്റേറ്റ് ചിന്മയ ബാഡ്മിന്റൻ ചാമ്പ്യൻഷിപ്
കാരത്തിക തിരുനാൾ തിയേറ്റർ: കല്ല്യണസൗഗന്ധികം കഥകളി-5.30ന്
വെട്ടുകാട് മാദ്രെ ദെ ദേവൂസ് ദേവാലയം: ക്രിസ്തുരാജത്വ തിരുനാൾ മഹോത്സവം- സമൂഹദിവ്യബലി -11, വൈകിട്ട് 5.30ന്, ക്രിസ്തുരാജപാദ പൂജ -7.30ന്
പാളയം മജ്സിദ്: മീലാദ് പ്രഭാഷണം ഫൈസൽ കൊച്ചിയുടെ പ്രഭാഷണം -6.30ന്
കോട്ടയ്ക്കകം അഭേദാശ്രമം: ഡോ. ശാന്തകുമാരിയുടെ അയ്യപ്പഗീത പ്രഭാഷണം -5ന്, വിശ്വനാഥന്റെ ഭജന-7ന്
തോന്നയ്ക്കൽ സായിഗണേഷ്ഹാൾ: സത്യസായിബാബജന്മദിനാഘോഷം കിർത്തന രമേശിന്റെ സംഗീതാർച്ചന - 10ന്, ഡോ. എൻ. ഗിരീഷ്കുമാറിന്റെ പ്ലാങ്കുഴൽ കച്ചേരി -6ന്
ഹോട്ടൽ ഹിൽട്ടൺ ഗാർഡൻ ഇൻ: പ്രൊഫഷണൽസ് കോൺക്ലേവ് ഉദ്ഘാടനസം വി.എസ്.ശിവകുമാർ എം.എൽഎ, റീബിൽഡ് കേരള സ്റ്റാർട്ട് അപ്പ് പ്രോജക്ട് അവതരണം ഉദ്ഘാടനം മന്ത്രി കടകംപള്ളി സുരേന്ദ്രൻ
ശാസ്ത്രമംഗലം ശ്രീരാമകൃഷ്ണാശ്രമം: സ്വാമി ദുർഗാനന്ദസരസ്വതിയുടെ പ്രഭാഷണം വൈകിട്ട് 5ന്

ആര്യങ്കോട് ഗ്രാമപഞ്ചായത്ത്
ഒറ്റശേഖരമംഗലം പി.ഒ, തിരുവനന്തപുരം.
എ2-318/18 16.11.2018
വിൻഡോ പരസ്യം
ആര്യങ്കോട് ഗ